<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3292** — **04-08-2021 - ൽ മറുപടിയ്ക്ക്**

## കുട്ടികൾക്കെതിരായ അതിക്രമങ്ങളിലെ വർദ്ധനവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുട്ടികൾക്കെതിരായ അതിക്രമങ്ങൾ വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സാഹചര്യത്തിൽ ബാലാവകാശ കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാന ബാലാവകാശ കമ്മീഷന്റെ 2017 -2018 വരെയുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | 2021 വർഷത്തെ ആദ്യ അഞ്ച് മാസത്തിനുള്ളിൽ തന്നെ കുട്ടികൾക്കെതിരെ അറുന്നൂറിലധികം അതിക്രമ കേസുകൾ റിപ്പോർട്ട് ചെയ്തിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യത്തിൽ കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയത് തടയുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധം - 1 ആയി ചേർക്കുന്നു. |
| (സി) | കോവിഡ് ലോക്ഡൗണിന്റെ പ്രത്യേക സാഹചര്യത്തിൽ മാതാപിതാക്കളെയും കുട്ടികളെയും ബോധവൽക്കരിക്കാൻ എന്തെങ്കിലും പ്രത്യേക പരിപാടികൾ വകുപ്പ് വിഭാവനം ചെയ്ത് നടപ്പിലാക്കുന്നുണ്ടോ; | (സി) | ഉണ്ട്. കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി രക്ഷിതാക്കളിൽ വേണ്ടത്ര അവബോധം സൃഷ്ടിയ്ക്കുന്നതിനുള്ള പാരൻറിംഗ് ക്യാമ്പയിന്റെ ഭാഗമായി വെബിനാറുകൾ, ഹ്രസ്വചിത്രങ്ങൾ, ഡോക്യുമെൻററി, പോസ്റ്ററുകൾ, എഫ്.എം. ക്യാമ്പയിനുകൾ എന്നിവ സംഘടിപ്പിച്ച് വരുന്നു. പ്രശ്നങ്ങൾ അഭിമുഖീകരിയ്ക്കുന്ന രക്ഷിതാക്കൾക്കും കുട്ടികൾക്കും വിദഗ്ദ്ധ സഹായം നൽകുന്നതിനായി ബ്ലോക്കുതലത്തിൽ പാരൻറിംഗ് ക്ലിനിക്കുകളുടെ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | പീഡനത്തിന് ഇരയാകുന്ന കുട്ടികളുടെ പുനരധിവാസത്തിനും അവരുടെ മാനസികാരോഗ്യവും വിദ്യാഭ്യാസവും ഉറപ്പുവരുത്തുന്നതിനും അവർക്ക് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | അതിക്രമങ്ങൾക്ക് ഇരയാകുന്ന കുട്ടികൾക്ക് താല്ക്കാലിക ആശ്വാസം നൽകുന്നതിനായി ആശ്വാസനിധി പദ്ധതിയും അടിയന്തിര വൈദ്യസഹായം നൽകുന്നതിനായി മാസ്റ്റർ ഷെഫീഖ് കമ്മിറ്റി കരുതൽ തുകയും ഏർപ്പെടുത്തിയിട്ടുണ്ട്. സമൂഹത്തിൽ വിവിധ ബുദ്ധിമുട്ടുകൾ അനുഭവിയ്ക്കുന്ന കുട്ടികൾക്ക് |

| | | | |
|---|---|---|---|
| | | | ധനസഹായം നൽകുന്നതിനായി ബാലനീതി നിയമം 2015 പ്രകാരം ബാലനിധിയും രൂപീകരിച്ചിട്ടുണ്ട്. അതിക്രമങ്ങൾക്കിരയാകുന്നതും ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ചൈൽഡ് വെൽഫയർ കമ്മിറ്റികൾ, ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ അതിക്രമങ്ങൾക്ക് ഇരയാകുന്ന കുട്ടികൾക്ക് കേസ്, വിചാരണ എന്നീ ഘട്ടങ്ങളിൽ ആവശ്യമായ മാനസിക പിന്തുണ നൽകുന്നതിനും നിയമ സഹായം നൽകുന്നതിനുമായി സപ്പോർട്ട് പേഴ്സൺ, വിദഗ്ദ്ധർ എന്നിവരുടെ സഹായവും സൗജന്യമായി നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം – I

## കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ സ്വീകരിച്ച നടപടികൾ

കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിനായി വില്ലേജ്, പഞ്ചായത്ത്, ബ്ലോക്ക്, കോർപ്പറേഷൻ, മുൻസിപ്പാലിറ്റി തലത്തിൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റികൾ ശാക്തീകരിയ്ക്കുന്നതിനായി വകുപ്പിന്റെ നേതൃത്വത്തിൽ കമ്മിറ്റി കൺവീനർമാരായ 1226 ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർക്ക് 14 ദിവസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടി സംഘടിപ്പിച്ചു വരുന്നു. പരിശീലനം പൂർത്തിയായ ഉടൻതന്നെ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ വിളിച്ച് ചേർക്കുകയും അപകടകരമായ സാഹചര്യത്തിൽ താമസിയ്ക്കുന്ന കുട്ടികൾക്ക് സുരക്ഷയും സഹായവും നൽകുന്നതിന് വേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതാണ്. പാരൻറിംഗ് ക്ലിനിക്കുകളുടെ നേതൃത്വത്തിൽ പഞ്ചായത്ത് തലങ്ങളിൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റിയുടെ പിന്തുണയോടെ പാരൻറിംഗ്, കൗൺസിലിംഗ് ക്യാമ്പുകൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കുട്ടികളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനും വിദഗ്ധ പരിചരണം നൽകുന്നതിനുമായി ജില്ലാതലത്തിൽ ജില്ലാ റിസോഴ്സ് സെൻറർ രൂപീകരിച്ചിട്ടുണ്ട്. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിനായി ബാലസുരക്ഷാ പ്രൊട്ടോക്കോൾ രൂപീകരിച്ച് ആയതുപ്രകാരം പൊതുജനങ്ങൾക്കും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾക്കും ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് മുഖാന്തിരം ബോധവൽക്കരണം നൽകിയിട്ടുണ്ട്. ജില്ലാതലത്തിൽ കുട്ടികളുടെ സുരക്ഷയും സംരക്ഷണവും വിലയിരുത്തുന്നതിനായി ജില്ലാ ജഡ്ജി അദ്ധ്യക്ഷനായി വിവിധ കർത്തവ്യവാഹകരെ ഉൾപ്പെടുത്തി ജില്ലാ ജുവനൈൽ ജസ്റ്റീസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കുട്ടികളുടെ വൈകാരിക – മാനസിക – സാമൂഹ്യ – പഠന പ്രശ്നങ്ങൾ ശാസ്ത്രീയമായ രീതിയിൽ മുൻകൂട്ടി കണ്ടെത്തി കുട്ടികൾക്കാവശ്യമായ ജീവിത നൈപുണ്യ വിദ്യാഭ്യാസം നൽകുന്നതിനായി തെരെഞ്ഞെടുത്ത സ്കൂളുകളിൽ ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ.ആർ.സി.) പദ്ധതി നടപ്പിലാക്കി വരുന്നു. ഒ.ആർ.സി. പദ്ധതിയിലൂടെ രക്ഷകർത്താക്കൾക്കും അദ്ധ്യാപകർക്കും കുട്ടികൾ അഭിമുഖീകരിയ്ക്കുന്ന പ്രശ്നങ്ങൾ മുൻകൂട്ടി മനസ്സിലാക്കുന്നതിനും ഇടപെടലുകൾ നടത്തുന്നതിനാവശ്യമായ പരിശീലനങ്ങളും നൽകി വരുന്നു.

സമൂഹത്തിൽ അതിതീവ്രമായ പ്രശ്നങ്ങൾ നേരിടുന്ന ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്ക് ശാരീരിക – മാനസിക – സാമൂഹിക പരിരക്ഷയും പരിചരണവും നൽകുന്നതിനായി രൂപീകരിച്ചിട്ടുള്ള ഒരു നൂതന പദ്ധതിയാണ് കാവൽ പ്ലസ് (കമ്മ്യൂണിറ്റി ബേസ്ഡ് റീഹാബിലിറ്റേഷൻ ആൻറ് റീ-ഇൻറിഗ്രേഷൻ ഓഫ് ചിൽഡ്രൻ ഇൻ

നീഡ് ഓഫ് കെയർ ആൻറ് പ്രൊട്ടക്ഷൻ ത്രൂ സൈക്കോ സോഷ്യൽ അപ്രോച്ച്) .പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി വിഷമകരമായ സാഹചര്യങ്ങളിലേയ്ക്ക് എത്തിപ്പെടാൻ സാധ്യതയുള്ള കുട്ടികളെ നേരത്തെ കണ്ടെത്തി സംരക്ഷിയ്ക്കുകയും ഗുരുതരമായ അപകടങ്ങൾ (ലൈംഗികാതിക്രമം, ശാരീരിക മർദ്ദനം, തുടങ്ങിയവ) നേരിടുന്നതിൽ നിന്നും അവരെ സംരക്ഷിയ്ക്കാനും സാധിയ്ക്കുന്നു.